# Weekly - Devotion - April 2018
# Different Phases of “Blessings”

## (അനുഗ്രഹവചസ്സിന്റെ വിവിധമാനങ്ങൾ)




ഒരിക്കൽ ധനികനായ ഒരു മനുഷ്യൻ തന്റെ കൊട്ടാരസമാനമായ ഭവനത്തിന്റെ മുൻപിൽ നില്ക്കുമ്പോൾ ഒരു പ്രായമായ മനുഷ്യൻ സഹായത്തിനെത്തി. വന്ന വൃദ്ധന് ധനികൻ തന്റെ പോക്കറ്റിൽ നിന്നു ഒരു നാണയത്തുട്ട് എടുത്ത് എറിഞ്ഞുകൊടുത്തു. ആ നാണയത്തുട്ട് ഉപേക്ഷിച്ച വൃദ്ധൻ കുപിതനായി മടങ്ങി. ധനവാന്_ അതോടെ സഹായക്കാരോട് ദേഷ്യമായെങ്കിലും നാണയ ഏറ് നിത്യ സ്വഭാവമാക്കി. ഒരു ദിവസം രണ്ട് റബ്ബിമാർ സഹായത്തിനെത്തി അതിൽ ഒരു റബ്ബി നാണയം എടുത്തശേഷം “GOD BLESS YOU ,SIR” എന്ന് പറഞ്ഞ് മടങ്ങി. റബ്ബിമാരിലൊരുവൻ ആ നാണയം എടുത്തതിനും , ആ പിശുക്കനായ ദുഷ്ടനെ അനുഗ്രഹിച്ചതിനും കുപിതനായി .എന്നാൽ മതിൽക്കെട്ടിന് പുറത്തെത്തിയ ആ റബ്ബിമാരെ വിളിച്ചുകൊണ്ട് ആ ധനികൻ പുറകെ എത്തി നോട്ടുകൾ നൽകി അപ്പോഴും അനുഗ്രഹിച്ച റബ്ബി വീണ്ടും അനുഗ്രഹിച്ചു. വീണ്ടും കുറെ ദൂരം നടന്ന അവരുടെ പിൻപേ എത്തിയ ധനികൻ രണ്ടാമത് നൽകിയതിലും അധികം പണം നൽകി അനുഗ്രഹം പ്രാപിച്ച് മടങ്ങി. പിറുപിറുത്ത റബ്ബിയോട് അനുഗ്രഹിച്ച റബ്ബി പറഞ്ഞു ഇതത്രെ അനുഗ്രഹത്തിന്റെ ശക്തി മറ്റുള്ള വരെ അനുഗ്രഹിച്ചാൽ നാമും അനുഗ്രഹിക്കപ്പെടും.

“ഞാൻ അവരെ അനുഗ്രഹിക്കും”സംഖ്യ 6:27 യഹോവ അരുളിചെയ്ത വാക്കുകൾ ശ്രദ്ധിയ്ക്കുക മോശയോടും അഹരോനോടും യിസ്രായേൽ ജനത്തിന്റെ മേൽ വയ്ക്കേണ്ട അനുഗ്രഹവാക്കുകളും യഹോവ തന്നെ പറയുന്നു. അവർ അപ്രകാരം ചെയ്തു കഴിയുമ്പോഴാണ് യഹോവ അവരെ (യിസ്രായേൽ ജനത്തെ) അനുഗ്രഹിക്കുന്നത് (സംഖ്യ :6:24-26) ഓർക്കുക! യഹോവയുടെ നാമം നമ്മുടെ മേൽ വയ്ക്കുമ്പോഴാണ് യഹോവ നമ്മെ അനുഗ്രഹിക്കുന്നത്.

വിവേകം വിവേകിയ്ക്ക് ജീവന്റെ ഉറവാകുന്നു എന്ന് സദൃ: 16:22 ൽ കാണുന്നു. ആരാണ് വിവേകി? ജ്ഞാന ഹൃദയൻ വിവേകി എന്ന് വിളിക്കപ്പെടും. യഹോവയുടെ അനുഗ്രഹത്തിന്റെ ഉറവ തന്നിലേക്ക് ഒഴുകി എത്തുവാൻ ആ വചനം (God Bless You) എന്ന വാക്ക് ഏറ്റെടുക്കുന്ന വിവേകി ഭാഗ്യവാനാണ്. (God Bless You)എന്ന ആശംസ ഒരാൾ നമ്മോടു പറയു

മ്പോൾ നാം ഒരു ചിരി ആയിരിക്കും ചിലപ്പോൾ പകരം നല്കുന്നത്. ഈ അനുഗ്രഹ വചസ്സിന് പകരമായി അതേ വാക്കു തന്നെ അവരോടു പറയുന്നതാണ് ഏറെ നന്ന്. ഉല്പത്തി (12:3) ൽ നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും എന്ന് യഹോവ അബ്രഹാമിനോട് പറഞ്ഞിരുന്നു. അതായത് മറ്റുള്ളവരെ അനുഗ്രഹിക്കുമ്പോഴാണ് നാമും അനുഗ്രഹിക്കപ്പെടുന്നത്.

ഒരു നല്ല വാക്ക്  ഒരു വ്യക്തി പറഞ്ഞതനുസരിച്ച് അത് ഏറ്റെടുത്ത് പ്രവർത്തിച്ചാൽ നാം ഭാഗ്യവാൻമാരാകും. "God Bless You" എന്ന വാക്ക് വിശ്വാസത്തോടെ ഏറ്റെടുത്താൽ യബ്ബേസിന്റെ അതിരുകൾ വിസ്താരമായതുപോലെ നമുക്കും ലഭിക്കും . "നീ എന്നെ നിശ്ചയമായും അനുഗ്രഹിക്കണേ " എന്ന പ്രാർത്ഥന ഉരുവിട്ടവനെ ദൈവം അനുഗ്രഹിക്കുകയും അവൻ തന്റെ സഹോദരന്മാരേക്കാൾ മാന്യനാകുകയും ചെയ്തു. (1 ദിന: 4:9,10)

ദൈവീകാനുഗ്രഹം തരുന്ന സന്തോഷവും , ലോകം തരുന്ന സന്തോഷവും തമ്മിൽ വ്യത്യാസമുണ്ട്. ദൈവീക സന്തോഷം നിത്യവും മറ്റേത് താല്ക്കാലികവുമത്രെ. നിന്നിൽ ആനന്ദിച്ചു സന്തോഷിക്കുന്നവർക്കു ലഭ്യമാകുന്ന സന്തോഷം അവർ യഹോവയെ അന്വേഷിക്കുന്നതിനാലാണെന്ന് സങ്കീർത്തനക്കാരൻ പറയുന്നു.

ദൈവീകാനുഗ്രഹം നമുക്ക് കരുതലിന്റെ ചൂട് നൽകുന്നു. കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിന്റെ മറവിൽ സൂക്ഷിക്കുമ്പോൾ ചൂടുമാത്രമല്ല സുരക്ഷിതത്വവും കുഞ്ഞുങ്ങൾക്ക് ലഭിക്കുന്നു. സദൃ (16:7) ൽ ഒരുത്തന്റെ വഴികൾ യഹോവയ്ക്ക് ഇഷ്ടമാകുമ്പോൾ അവൻ അവന്റെ ശത്രുക്കളെയും അവനോട് ഇണക്കുന്നു എന്ന് കാണാം. അതുപോലെ ദൈവാനുഗ്രഹത്തിന്റെ നിഴലിൽ നാം ആയതു കൊണ്ടാണ് ഈ ഭാഗ്യം ലഭിക്കുന്നത് .

"God Bless You" എന്ന അനുഗ്രഹം ഏറ്റെടുത്താൽ നമ്മുടെ വഴിയിൻ അവന്റെ പാദസ്പർശവും , നമ്മുടെ ശരീരത്തിൽ, പ്രവർത്തിയിൽ, ചിന്തയിൽ അവന്റെ കരസ്പർശവും ഉണ്ടാകും.

ദൈവത്താലനുഗ്രഹിക്കപ്പെട്ടവൻ, വിശ്വാസത്തോടെ അനുഗ്രഹ വചസ്സ് ഏറ്റെടുത്തവൻ ദൈവത്താൽ വീർയ്യം പ്രവർത്തിക്കുകയും നിന്നാൽ ഭൂമിയിലെ സകലവംശവും അനുഗ്രഹിക്കപ്പെടും എന്ന വാഗ്ദത്തത്തിന് നാമും അവകാശികളാകും.

"God Bless You" എന്ന വറ്റാത്ത ഉറവ കാണുവാൻ നമ്മുടെ ആത്മക്കണ്ണ് തുറക്കുവാൻ പ്രാർത്ഥിയ്ക്കാം. അപ്രകാരം നമ്മുടെ ബുദ്ധി ജോലി , ബിസിനസ്സ് , സമ്പത്ത് എല്ലാ  മേഖലയും അനുഗ്രഹപാത്രമായിത്തീരുവാൻ ദൈവം സഹായിക്കട്ടെ.

"God Bless You" All

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind